**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ്, M/s Sree Saravana Engineering Bhavani Private Ltd, M/s Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022-ൽ ഒപ്പിട്ടു. പേയ്മെന്റ് നടത്തുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് letter of Credit open ചെയ്യേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും അനുബന്ധ നടപടികൾ സംബന്ധിച്ചും നിയമോപദേശം 14.07.2023-ൽ അഡ്വക്കേറ്റ് ജനറൽ കേരളയിൽ നിന്ന് സർക്കാർ തേടിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.<br><br>ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി (24MW/83.50 Mu) യുടെ 99.70% സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ചൈനയിൽ നിന്നും ബാക്കി യന്ത്രഭാഗങ്ങൾ ലഭ്യമാക്കാനുള്ള അനുമതി ലഭിച്ച് 9 മാസത്തിനകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ